
## കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം
# ഏപ്രിൽ
# 2018




## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം
## 2018

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

ഒപ്പ്

തിരുവനന്തപുരം — വി. രാമചന്ദ്രൻ

23/05/2018 — ഡയറക്ടർ ജനറൽ

## ആമുഖം

കേരളത്തിൽ പൊതു വിപണിയിൽ വിൽപനയ്ക്കായി എത്തിക്കുന്ന വസ്തുക്കളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, കലാപങ്ങൾ, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസ്ഥാനാന്തര ബന്ധങ്ങൾ, അന്യസംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു. ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനും വളരെ ശ്രമകരമായ ജോലിയായി മാറുന്നു ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനു വേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ച് അവലോകനം നടത്തി സർക്കാരിനു നൽകുന്ന ഉദ്യമമാണു ഈ പ്രസിദ്ധീകരണം.

അവലോകനമാസമായ ഏപ്രിലിൽ പച്ചക്കറി കിഴങ്ങു വർഗ്ഗങ്ങൾ ഒഴികെയുള്ള ഇനങ്ങളിൽ പൊതുവെ വിലക്കുറവിന്റെ ഒരു പ്രവണതയാണു കണ്ടത്.

അരിയുടെ വിലയിൽ സാധാരണ നിലയിൽ അടുത്ത മാസങ്ങളിൽ കാര്യമായ വിലവർദ്ധനവിനു സാധ്യത ഇല്ലെന്നാണു വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ആഭ്യന്തര ഉൽപാദനവും സംഭരണവും ഗണ്യമായ രീതിയിൽ നടന്നിട്ടുണ്ട് അന്യ സംസ്ഥാനങ്ങളിൽ അരിയുടെ ലഭ്യത ആവശ്യാനുസരണം ഉണ്ടെന്നാണു വിപണിയിൽ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധനവ് പോലുള്ള മററ് ഘടകങ്ങൾ സ്വാധീനിച്ചില്ലെങ്കിൽ നിലവിൽ അരിയുടെ വിലയിൽ കാര്യമായ വർദ്ദനവിനു സാധ്യത ഇല്ലെന്നാണു വിപണി നൽകുന്ന സൂചന.

ഇറച്ചിക്കോഴിയുടെ വിലയിൽ ശക്തമായ ഒരു വിലക്കയററം അവലോകന മാസമായ ഏപ്രിലിൽ കണ്ടു. മെയ് മാസത്തിലും ഇത് തുടരാൻ ഇടയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.വിപണിയിൽ നിന്നും ലഭിക്കുന്ന വിവരമനുസരിച്ച് കഴിഞ്ഞ ഏതാനും മാസങ്ങളായി ഇറച്ചിക്കോഴിയുടെ വിലയിലുണ്ടായ തകർച്ച മൂലം ചെറുകിട കോഴി കർഷകർ ഉൽപാദനം നിർത്തുകയും ഇതു കാരണം വിപണിയിൽ ഇറച്ചിക്കോഴിയുടെ ലഭ്യത കുറയുകയും ചെയ്തു ഇതു കൂടാതെ കടുത്ത വരൾച്ചയെ തുടർന്ന് തമിഴ്നാട്ടിൽ കോഴികൾ വ്യാപകമായി ചത്തൊടുങ്ങുകയും ചെയ്തതായി വിപണിയിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു. ഇതോടുകൂടിയാണു ഇറച്ചിക്കോഴിയുടെ വിലയിൽ വർദ്ധനവ് രേഖപ്പെടുത്തിയത്. വില വർദ്ധനവിനെതുടർന്നു വീണ്ടും ചെറുകിട കർഷകർ ഉൽപാദനം ആരംഭിച്ചാൽ ജൂൺ ആരംഭത്തോടെ വിലക്കുറവ് ഉണ്ടായേക്കാം.

വിപണിയിൽ കൊപ്രയുടെ വരവ് കുറഞ്ഞതോടെ വെളിച്ചെണ്ണയുടെ വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി. അതേ സമയം തേങ്ങയുടെ വിലയിൽ മാസാരംഭത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും പിന്നീട് സ്ഥിരത നിലനിർത്തി.

പയർ വർഗ്ഗങ്ങളിൽ വരും മാസത്തിലും നിലവിലുള്ള പ്രവണത തുടരാനാണു സധ്യത.


കുരുമുളക് കർഷകരെ സംബന്ധിച്ചിടത്തോളം നിരാശാജനകമായ മാസമാണു കടന്നുപോയത്. വിപണിയിൽ ഇപ്പോഴും സജീവമായുള്ള ഇറക്കുമതി കുരുമുളകിന്റെ സാന്നിധ്യം കാരണം വിലത്തകർച്ച തുടർന്നു.

## I. ധാന്യങ്ങൾ

കഴിഞ്ഞ വർഷം ഇതേ കാലയളവിൽ വില വർദ്ധനവ് അനുഭവപ്പെട്ട അരി ഇനങ്ങളിൽ ഈ വർഷം കാര്യമായ വില വർദ്ധനവിന്റെ ലക്ഷണമൊന്നും ഇല്ല എന്നുള്ളത് ഉപഭോക്താവിനു ആശ്വാസകരമായ കാര്യമാണു. വിപണിയിൽ അരിയുടെ ലഭ്യതയും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള അരിയുടെ വരവും കാരണം മെയ് മാസത്തിലും വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണു വിപണിയിൽ നിന്നുള്ള വിവരം.

അവലോകനമാസത്തിൽ അരിയുടെ വിലയിൽ നേരിയൊരു വിലക്കുറവ് ദൃശ്യമായിരുന്നു.കഴിഞ്ഞ വർഷം ഇതേ കാലയളവിൽ വില വർദ്ധിച്ചിരുന്ന ജയ അരിയുടെ വിലയിൽ അവലോകനമാസത്തിൽ കുറവ് ദൃശ്യമായി.


| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **41.11** | **41.62** | **41.40** | **-0.53** | **0.71** |
| 2 | ചമ്പ | കിലോഗ്രാം | **42.00** | **43.60** | **44.00** | **0.92** | **4.76** |
| 3 | റോസ് | കിലോഗ്രാം | **41.54** | **41.70** | **41.36** | **-0.82** | **-0.43** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **37.82** | **37.76** | **37.16** | **-1.59** | **-1.75** |
| 5 | ജയ | കിലോഗ്രാം | **44.63** | **40.96** | **39.25** | **-4.17** | **-12.05** |
| 6 | ഗോതമ്പ് | കിലോഗ്രാം | **32.96** | **32.28** | **31.94** | **-1.04** | **-3.09** |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളിൽ മുൻ മാസങ്ങളിലെ അതേ പ്രവണത തന്നെ ആയിരുന്നു അവലോകനമാസമായ ഏപ്രിലിലും കാണപ്പെട്ടത്. ചെറുപയറിന്റെ വിലയിൽ നേരിയൊരു വിലക്കയററം ദൃശ്യമായിരുന്നു.കടലയുടെ ഉൽപാദനത്തിലുണ്ടായ വർദ്ധനവിനെ തുടർന്നുണ്ടായ വിലക്കുറവ് അവലോകനമാസത്തിലും തുടർന്നു. മെയ് മാസത്തിലും ഇതേ നില തുടരാൻ തന്നെയാണു സാധ്യതയെന്നു വിപണിയിൽ നിന്നുള്ള സൂചന. പൊതുവെ പയർ വർഗ്ഗങ്ങളുടെ വിലക്കുറവ് തുടരാനാണു സാധ്യത.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 86.88 | 86.34 | 87.09 | 0.87 | 0.24 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 94.60 | 88.32 | 89.73 | 1.60 | -5.15 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 114.58 | 86.80 | 86.15 | -0.75 | -24.81 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 108.91 | 81.29 | 80.57 | -0.89 | -26.02 |
| 5 | വൻപയർ | കിലോഗ്രാം | 79.17 | 71.21 | 70.11 | -1.54 | -11.44 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 92.39 | 84.00 | 83.52 | -0.57 | -9.60 |
| 7 | കടല(വലുത്) | കിലോഗ്രാം | 98.88 | 79.13 | 75.04 | -5.17 | -24.11 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 86.38 | 65.72 | 62.72 | -4.56 | -27.39 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 42.47 | 42.33 | 43.10 | 1.82 | 1.48 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 79.92 | 72.83 | 69.94 | -3.96 | -12.49 |




## III . മററ് ഭക്ഷ്യ വസ്തുക്കൾ

ഇറച്ചിക്കോഴിയുടെ വിലയിൽ കാര്യമായ വർദ്ധനവ് അവലോകന മാസമായ ഏപ്രിലിൽ ദൃശ്യമായി ഈ വിലക്കയററം മെയ് മാസത്തിലും തുടരുമെന്നാണു വിപണിയിൽ നിന്നുള്ള വിവരം .കഴിഞ്ഞ ഏതാനും മാസങ്ങളായി വിലത്തകർച്ച കാരണം ചെറുകിട കോഴി കർഷകർ ഉൽപാദനം നിർത്തിയതിനെ തുടർന്നു വിപണിയിൽ ലഭ്യത കുറവായതിനെ തുടർന്നാണു ഇപ്പോഴത്തെ വിലക്കയററത്തിനു കാരണമെന്നു വിപണിയിൽ നിന്നും ലഭ്യമായ വിവരം. ഇതു കൂടാതെ കടുത്ത വരൾച്ചയെ തുടർന്ന് തമിഴ്നാട്ടിൽ കോഴികൾ വ്യാപകമായി ചത്തൊടുങ്ങുകയും ചെയ്തതായി വിപണിയിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു.വില വർദ്ധനവിനെ തുടർന്നു ഉൽപാദനത്തിൽ വർദ്ധനവ് വരുത്തുകയാണെങ്കിൽ ജൂൺ ആരംഭത്തോടെ വിലക്കുറവ് അനുഭവപ്പെടാം.

കോഴിമുട്ടയുടെ വിലയിൽ മാസാദ്യം വിലക്കുറവ് ദൃശ്യമായെങ്കിലും മദ്ധ്യത്തോടുകൂടി വിലക്കയററം ദൃശ്യമായി മെയ് മാസത്തിലും ഈ വിലക്കയററം തുടരുമെന്നാണു വിപണിയിൽ നിന്നുള്ള സൂചന

ഉത്തരേന്ത്യയിൽ കരിമ്പിന്റെ ഉൽപാദനം വർദ്ധിച്ചതിനെ തുടർന്നു കുറഞ്ഞുവന്ന പഞ്ചസാരയുടെ വിലക്കുറവ് അവലോകന മാസത്തിലും തുടർന്നു.


| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 44.02 | 38.01 | 36.35 | -4.37 | -17.42 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 161.67 | 144.92 | 145.58 | 0.46 | -9.95 |
| 3 | ശർക്കര | കിലോഗ്രാം | 57.76 | 53.62 | 54.04 | 0.78 | -6.44 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 46.99 | 51.27 | 48.22 | -5.95 | 2.62 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 496.67 | 525.71 | 527.50 | 0.34 | 6.21 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 99.85 | 84.57 | 103.48 | 22.36 | 3.64 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.90 | 148.25 | 148.18 | -0.05 | 0.19 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.24 | 162.00 | 161.62 | -0.23 | 0.86 |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

ചെറിയൊരു ഇടവേളക്കു ശേഷം വെളിച്ചെണ്ണയുടെ വിലയിൽ വീണ്ടും ഒരു വർദ്ധനവു ദൃശ്യമായി വിപണിയിൽ കൊപ്രയുടെ വരവ് കുറഞ്ഞതാണു വിലക്കയറ്റത്തിനു കാരണമെന്നു വിപണി വൃത്തങ്ങൾ അറിയിച്ചു അതേ സമയം തേങ്ങയുടെ വില മാസാദ്യം ചെറിയൊരു വിലക്കയറ്റം ദൃശ്യമായെങ്കിലും പിന്നീട് വിലസ്ഥിരത നിലനിർത്തി. അവലോകനമാസമായ ഏപ്രിലിൽ ഏതാണ്ട് എല്ലാ ഇനം ഏണ്ണയുടെയും വിലയിൽ വർദ്ധനവിണ്ടേതായ ഒരു പ്രവണത കാണിച്ചു

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 146.49 | 207.87 | 212.93 | 2.43 | 45.35 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 145.00 | 144.00 | 144.00 | 0.00 | -0.69 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 90.38 | 91.18 | 92.90 | 1.89 | 2.79 |
| 4 | നല്ലെണ്ണ | ലിററർ | 145.31 | 156.75 | 158.50 | 1.12 | 9.08 |
| 5 | കടുക് എണ്ണ | ലിററർ | 136.75 | 140.00 | 138.15 | -1.32 | 1.02 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 94.84 | 93.29 | 93.98 | 0.74 | -0.91 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 90.59 | 91.23 | 92.59 | 1.50 | 2.21 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 168.86 | 222.10 | 223.52 | 0.64 | 32.37 |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

പ്രധാന ഉൽപാദന കേന്ദ്രങ്ങളായ ആന്ധ്രപ്രദേശ്, തെലുങ്കാന, മധ്യപ്രദേശ് സംസ്ഥാനങ്ങളിൽ ഉൽപാദനത്തിലുണ്ടായ കുറവും കൃഷി നാശവും കാരണം മുളകിന്റെ വിലയിൽ മാർച്ച് മാസം മുതൽ കണ്ടുവരുന്ന വർദ്ധനവ് അവലോകന മാസമായ ഏപ്രിലിലും തുടർന്നു.മെയ് മാസത്തിലും ഈ വർദ്ധനവിനു മാററമുണ്ടാവാൻ സാധ്യത ഇല്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

വിയററ്നാമിൽ നിന്നും ഇന്തോനേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത കുരുമുളകിന്റെ സാന്നിധ്യവും ആഭ്യന്തര ഉൽപാദനവും കാരണം കുരുമുളകിന്റെ വിലക്കുറവ് അവലോകന മാസമായ ഏപ്രിലിലും തുടർന്നു. മെയ് മാസത്തിൽ ചെറിയൊരു വർദ്ധനവിനുള്ള സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

കഴിഞ്ഞ ഏതാനും മാസങ്ങളായി കുറഞ്ഞുകൊണ്ടിരുന്ന ഉള്ളിയുടെ വില വർദ്ധിക്കാനുള്ള പ്രവണത കാണിച്ചു

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 102.12 | 89.77 | 86.52 | -3.62 | -15.28 |
| 2 | മുളക് | കിലോഗ്രാം | 93.84 | 110.96 | 120.52 | 8.62 | 28.43 |
| 3 | ഉള്ളി | കിലോഗ്രാം | 66.92 | 33.75 | 34.64 | 2.64 | -48.24 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 115.39 | 163.36 | 162.46 | -0.55 | 40.79 |
| 5 | ജീരകം | 100 ഗ്രാം | 28.57 | 29.96 | 29.71 | -0.83 | 3.99 |
| 6 | കടുക് | 100 ഗ്രാം | 9.05 | 8.97 | 8.98 | 0.11 | -0.77 |
| 7 | ഉലുവ | 100 ഗ്രാം | 10.18 | 9.20 | 9.27 | 0.76 | -8.94 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.46 | 18.20 | 18.21 | 0.05 | -1.35 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 10.95 | 7.74 | 7.55 | -2.45 | -31.05 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 656.15 | 492.69 | 470.87 | -4.43 | -28.24 |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങ്,പച്ചക്കറി ഇനങ്ങൾക്ക് അവലോകന മാസമായ ഏപ്രിലിൽ വിലക്കയററത്തിന്റേതായ ഒരു പ്രവണതയാണു ദൃശ്യമായത്. ഉരുളക്കിഴങ്ങ്,ചേമ്പ്,എന്നിവയുടെ വിലയിൽ കാര്യമായ വിലക്കയററം ഈ കാലയളവിൽ രേഖപ്പെടുത്തി.ബീററ്റൂട്ട് ,ചേന എന്നിവയുടെ വിലയിലും നേരിയൊരു വിലക്കയററം ദൃശ്യമായി.

എന്നാൽ കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഉരുളക്കിഴങ്ങ് ഒഴികെയുള്ള ഇനങ്ങളുടെയും വില കുറവായാണു കാണുന്നത്.


| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 46.99 | 38.89 | 39.66 | 1.98 | -15.60 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 29.57 | 21.59 | 21.02 | -2.64 | -28.91 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 24.55 | 25.28 | 29.11 | 15.15 | 18.57 |
| 4 | ചേമ്പ് | കിലോഗ്രാം | 68.04 | 49.16 | 54.55 | 10.96 | -19.83 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 48.68 | 26.47 | 27.30 | 3.14 | -43.92 |
| 6 | കാരററ് | കിലോഗ്രാം | 67.35 | 36.00 | 35.86 | -0.39 | -46.76 |



## VII. പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ ഏപ്രിലിൽ പച്ചക്കറിയുടെ വിലയിൽ സവാള, വെണ്ടക്ക , വാഴയ്ക്ക (പച്ച) ഒഴികെയുള്ള എല്ലാ ഇനങ്ങളുടെയും വിലയിൽ വർദ്ധനവ് ദൃശ്യമായിരുന്നു.ബീൻസ് ഇനങ്ങൾക്കായിരുന്നു കാര്യമായ വിലക്കയററം കണ്ടത് കൂടാതെ തക്കാളി,വെള്ളരിക്ക,കുമ്പളങ്ങ എന്നീ ഇനങ്ങളുടെ വിലയിലും കാര്യമായ വർദ്ധനവ് ദൃശ്യമായി സവാളയുടെ വില ഏററവും താഴ്ന്ന നിലയിൽ നിൽക്കുകയാണു.


| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 15.88 | 20.95 | 18.39 | -12.22 | 15.81 |
| 2 | വഴുതന | കിലോഗ്രാം | 42.52 | 26.70 | 28.80 | 7.87 | -32.27 |
| 3 | മത്തങ്ങ | കിലോഗ്രാം | 26.51 | 17.35 | 18.04 | 3.98 | -31.95 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 21.59 | 20.98 | 23.88 | 13.82 | 10.61 |
| 5 | വെണ്ടക്ക | കിലോഗ്രാം | 35.52 | 39.48 | 37.80 | -4.26 | 6.42 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 94.10 | 43.88 | 52.84 | 20.42 | -43.85 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 64.69 | 49.20 | 60.80 | 23.58 | -6.01 |
| 8 | കാബേജ് | കിലോഗ്രാം | 33.27 | 23.08 | 23.79 | 3.08 | -28.49 |
| 9 | പാവയ്ക്ക | കിലോഗ്രാം | 54.92 | 44.73 | 45.20 | 1.05 | -17.70 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 35.87 | 18.76 | 21.43 | 14.23 | -40.26 |
| 11 | പടവലങ്ങ | കിലോഗ്രാം | 47.75 | 30.73 | 32.66 | 6.28 | -31.60 |
| 12 | തക്കാളി | കിലോഗ്രാം | 22.89 | 17.93 | 21.71 | 21.08 | -5.16 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.42 | 3.99 | 4.01 | 0.50 | -26.01 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 50.06 | 40.25 | 43.66 | 8.47 | -12.78 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 35.97 | 38.41 | 37.21 | -3.12 | 3.45 |



## VIII. പഴവർഗ്ഗങ്ങൾ

പഴ വർഗ്ഗങ്ങളിൽ പൊതുവെ സമ്മിശ്രമായ ഒരു പ്രവണതയാണു അവലോകന മാസമായ ഏപ്രിലിൽ ദൃശ്യമായത്. സീസൺ അവസാനിച്ചതോടെ ഓറഞ്ചിന് വില വർദ്ധനവ് രേഖപ്പെടുത്തി.വാഴപ്പഴങ്ങളിൽ ഏത്തപ്പഴത്തിന്റെ വില വർദ്ധിച്ചപ്പോൾ ബാക്കി ഇനങ്ങളിൽ വിലക്കുറവ് രേഖപ്പെടുത്തി.പാളയംതോടൻ,രസകദളി ഇവയുടെ വിലകൾ തമ്മിലുള്ള അന്തരം കുറഞ്ഞുവന്നതാണു അവലോകനമാസത്തിൽ ശ്രദ്ധിക്കപ്പെട്ട ഒരു പ്രവണത. രസകദളിയുടെ വിലയിൽ കാര്യമായ കുറവ് രേഖപ്പെടുത്തിയപ്പോൾ പാളയംതോടൻ വിലയിൽ സ്ഥിരത കൈക്കൊണ്ടു..മാങ്ങയുടെ സീസൺ ആരംഭിച്ചതോടെ വിലക്കുറവ് രേഖപ്പെടുത്തി.


| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 93.61 | 101.21 | 105.23 | 3.97 | 12.41 |
| 2 | മുസമ്പി | കിലോഗ്രാം | 52.53 | 61.38 | 64.90 | 5.73 | 23.55 |
| 3 | മാതളം | കിലോഗ്രാം | 114.38 | 139.17 | 137.08 | -1.50 | 19.85 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 107.50 | 139.05 | 149.17 | 7.28 | 38.76 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 54.23 | 45.12 | 49.57 | 9.87 | -8.59 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 33.54 | 37.30 | 37.23 | -0.20 | 11.00 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 56.11 | 47.76 | 42.59 | -10.82 | -24.09 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 49.48 | 49.62 | 47.04 | -5.20 | -4.94 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 31.25 | 32.49 | 29.93 | -7.87 | -4.23 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 68.67 | 106.20 | 101.61 | -4.32 | 47.97 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 19.57 | 18.60 | 19.05 | 2.44 | -2.65 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 64.80 | 72.44 | 75.98 | 4.89 | 17.27 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 50.28 | 54.50 | 61.25 | 12.39 | 21.82 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ ഏപ്രിലിൽ ഈ ഇനത്തിൽ പൊതുവെ വിലക്കയററത്തിന്റെ ഒരു പ്രവണത ദൃശ്യമായിരുന്നു.സ്റ്റീലിന്റെ വില കഴിഞ്ഞ മാസങ്ങളിലേതുപോലെതന്നെ വർദ്ധനവ് രേഖപ്പെടുത്തി. സിമന്റിന്റെ വിലയിലും ഈ കാലയളവിൽ വർദ്ധനവ് രേഖപ്പെടുത്തി

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.18 | 19.86 | 19.93 | 0.35 | 3.91 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.40 | 27.80 | 27.86 | 0.22 | 1.68 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 492.86 | 507.14 | 514.29 | 1.41 | 4.35 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 411.25 | 382.66 | 383.75 | 0.28 | -6.69 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 405.21 | 377.66 | 378.75 | 0.29 | -6.53 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 45.35 | 53.15 | 55.22 | 3.89 | 21.76 |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.11 | 41.62 | 41.40 | -0.53 | 0.71 |
| 2 | ചമ്പ | കിലോഗ്രാം | 42.00 | 43.60 | 44.00 | 0.92 | 4.76 |
| 3 | റോസ് | കിലോഗ്രാം | 41.54 | 41.70 | 41.36 | -0.82 | -0.43 |
| 4 | ആന്ധ്രാ വെള്ള | കിലോഗ്രാം | 37.82 | 37.76 | 37.16 | -1.59 | -1.75 |
| 5 | ജയ | കിലോഗ്രാം | 44.63 | 40.96 | 39.25 | -4.17 | -12.05 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.96 | 32.28 | 31.94 | -1.04 | -3.09 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 86.88 | 86.34 | 87.09 | 0.87 | 0.24 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 94.60 | 88.32 | 89.73 | 1.60 | -5.15 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 114.58 | 86.80 | 86.15 | -0.75 | -24.81 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 108.91 | 81.29 | 80.57 | -0.89 | -26.02 |
| 5 | വൻപയർ | കിലോഗ്രാം | 79.17 | 71.21 | 70.11 | -1.54 | -11.44 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 92.39 | 84.00 | 83.52 | -0.57 | -9.60 |
| 7 | കടല(വലുത്) | കിലോഗ്രാം | 98.88 | 79.13 | 75.04 | -5.17 | -24.11 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 86.38 | 65.72 | 62.72 | -4.56 | -27.39 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 42.47 | 42.33 | 43.10 | 1.82 | 1.48 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 79.92 | 72.83 | 69.94 | -3.96 | -12.49 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 44.02 | 38.01 | 36.35 | -4.37 | -17.42 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 161.67 | 144.92 | 145.58 | 0.46 | -9.95 |
| 3 | ശർക്കര | കിലോഗ്രാം | 57.76 | 53.62 | 54.04 | 0.78 | -6.44 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 46.99 | 51.27 | 48.22 | -5.95 | 2.62 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 496.67 | 525.71 | 527.50 | 0.34 | 6.21 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 99.85 | 84.57 | 103.48 | 22.36 | 3.64 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.90 | 148.25 | 148.18 | -0.05 | 0.19 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.24 | 162.00 | 161.62 | -0.23 | 0.86 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 146.49 | 207.87 | 212.93 | 2.43 | 45.35 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 145.00 | 144.00 | 144.00 | 0.00 | -0.69 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 90.38 | 91.18 | 92.90 | 1.89 | 2.79 |
| 4 | നല്ലെണ്ണ | ലിററർ | 145.31 | 156.75 | 158.50 | 1.12 | 9.08 |
| 5 | കടുക് എണ്ണ | ലിററർ | 136.75 | 140.00 | 138.15 | -1.32 | 1.02 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 94.84 | 93.29 | 93.98 | 0.74 | -0.91 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 90.59 | 91.23 | 92.59 | 1.50 | 2.21 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 168.86 | 222.10 | 223.52 | 0.64 | 32.37 |

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 102.12 | 89.77 | 86.52 | -3.62 | -15.28 |
| 2 | മുളക് | കിലോഗ്രാം | 93.84 | 110.96 | 120.52 | 8.62 | 28.43 |
| 3 | ഉള്ളി | കിലോഗ്രാം | 66.92 | 33.75 | 34.64 | 2.64 | -48.24 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 115.39 | 163.36 | 162.46 | -0.55 | 40.79 |
| 5 | ജീരകം | 100 ഗ്രാം | 28.57 | 29.96 | 29.71 | -0.83 | 3.99 |
| 6 | കടുക് | 100 ഗ്രാം | 9.05 | 8.97 | 8.98 | 0.11 | -0.77 |
| 7 | ഉലുവ | 100 ഗ്രാം | 10.18 | 9.20 | 9.27 | 0.76 | -8.94 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.46 | 18.20 | 18.21 | 0.05 | -1.35 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 10.95 | 7.74 | 7.55 | -2.45 | -31.05 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 656.15 | 492.69 | 470.87 | -4.43 | -28.24 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 46.99 | 38.89 | 39.66 | 1.98 | -15.60 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 29.57 | 21.59 | 21.02 | -2.64 | -28.91 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 24.55 | 25.28 | 29.11 | 15.15 | 18.57 |
| 4 | ചേമ്പ് | കിലോഗ്രാം | 68.04 | 49.16 | 54.55 | 10.96 | -19.83 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 48.68 | 26.47 | 27.30 | 3.14 | -43.92 |
| 6 | കാരററ് | കിലോഗ്രാം | 67.35 | 36.00 | 35.86 | -0.39 | -46.76 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 15.88 | 20.95 | 18.39 | -12.22 | 15.81 |
| 2 | വഴുതന | കിലോഗ്രാം | 42.52 | 26.70 | 28.80 | 7.87 | -32.27 |
| 3 | മത്തങ്ങ | കിലോഗ്രാം | 26.51 | 17.35 | 18.04 | 3.98 | -31.95 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 21.59 | 20.98 | 23.88 | 13.82 | 10.61 |
| 5 | വെണ്ടക്ക | കിലോഗ്രാം | 35.52 | 39.48 | 37.80 | -4.26 | 6.42 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 94.10 | 43.88 | 52.84 | 20.42 | -43.85 |
| 7 | വള്ളിപയർ | കിലോഗ്രാം | 64.69 | 49.20 | 60.80 | 23.58 | -6.01 |
| 8 | കാബേജ് | കിലോഗ്രാം | 33.27 | 23.08 | 23.79 | 3.08 | -28.49 |
| 9 | പാവയ്ക്ക | കിലോഗ്രാം | 54.92 | 44.73 | 45.20 | 1.05 | -17.70 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 35.87 | 18.76 | 21.43 | 14.23 | -40.26 |
| 11 | പടവലങ്ങ | കിലോഗ്രാം | 47.75 | 30.73 | 32.66 | 6.28 | -31.60 |
| 12 | തക്കാളി | കിലോഗ്രാം | 22.89 | 17.93 | 21.71 | 21.08 | -5.16 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.42 | 3.99 | 4.01 | 0.50 | -26.01 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 50.06 | 40.25 | 43.66 | 8.47 | -12.78 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 35.97 | 38.41 | 37.21 | -3.12 | 3.45 |

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2017 | മാർച്ച് 2018 | ഏപ്രിൽ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 93.61 | 101.21 | 105.23 | 3.97 | 12.41 |
| 2 | മുസമ്പി | കിലോഗ്രാം | 52.53 | 61.38 | 64.90 | 5.73 | 23.55 |
| 3 | മാതളം | കിലോഗ്രാം | 114.38 | 139.17 | 137.08 | -1.50 | 19.85 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 107.50 | 139.05 | 149.17 | 7.28 | 38.76 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 54.23 | 45.12 | 49.57 | 9.87 | -8.59 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 33.54 | 37.30 | 37.23 | -0.20 | 11.00 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 56.11 | 47.76 | 42.59 | -10.82 | -24.09 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 49.48 | 49.62 | 47.04 | -5.20 | -4.94 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 31.25 | 32.49 | 29.93 | -7.87 | -4.23 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 68.67 | 106.20 | 101.61 | -4.32 | 47.97 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 19.57 | 18.60 | 19.05 | 2.44 | -2.65 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 64.80 | 72.44 | 75.98 | 4.89 | 17.27 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 50.28 | 54.50 | 61.25 | 12.39 | 21.82 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.18 | 19.86 | 19.93 | 0.35 | 3.91 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.40 | 27.80 | 27.86 | 0.22 | 1.68 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 492.86 | 507.14 | 514.29 | 1.41 | 4.35 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 411.25 | 382.66 | 383.75 | 0.28 | -6.69 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 405.21 | 377.66 | 378.75 | 0.29 | -6.53 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 45.35 | 53.15 | 55.22 | 3.89 | 21.76 |